ഗ്രാമസഭകൾക്ക് ശേഷം സമർപ്പിച്ചത്. ആയതിനാൽ പ്രസ്തുത ലിസ്റ്റ് വിവിധ ക്ഷേമ-വികസന പദ്ധതികൾക്ക് ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ടായി. ഈ സാഹചര്യത്തിൽ 2009 ഏപ്രിൽ-മേയ് മാസങ്ങളിൽ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള ഒരു പുതിയ സർവ്വേ നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. മാനദണ്ഡങ്ങൾ നിശ്ചയിച്ച ദരിദ്ര കുടുംബങ്ങളുടെ പട്ടിക ഉടനെ പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ 2002-ലെ ദാരിദ്ര്യ രേഖാ സർവ്വേ നടത്തുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന പരമാവധി കുടുംബങ്ങളുടെ എണ്ണം 10.25 ലക്ഷം ആയിരുന്നു. 2009-ൽ നടത്തിയ സർവ്വേ പ്രകാരം പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. മാനദണ്ഡങ്ങളുടെ കാര്യത്തിൽ തീരുമാനമായാൽ മാത്രമേ എത്ര കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളു.

(സി) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേയിലൂടെ അനർഹരായ കുടുംബങ്ങളെ ഒഴിവാക്കി ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ നിലവിലുള്ള ലിസ്റ്റിൽ നിന്നുതന്നെ കണ്ടെത്താൻ കഴിയും. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹതയുള്ളവർക്ക് വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.

(ഡി) ദരിദ്ര കുടുംബങ്ങളുടെ പട്ടിക ഉടനെ പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടും വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയും ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

161 (1919) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടും വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയും ഉപയോഗിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എം.എൽ.എ. ഫണ്ടിൽ നിന്നും, വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടും കണ്ണൂർ ജില്ലയിലെ പാടൃം, മൊകേരി, ചൊക്ലി, പന്ന്യന്നൂർ, കരിയാട്, പെരിങ്ങളം, പാനൂർ, കുന്നോത്ത് പറമ്പ്, തൃപ്പങ്ങോട്ടൂർ പഞ്ചായത്തുകളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത എത്ര പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് പേര് സഹിതം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) പാടൃം-2, മൊകേരി-2, ചൊക്ലി-4, പന്ന്യന്നൂർ-2, കരിയാട്-3, പെരിങ്ങളം-4, പാനൂർ-3, കുന്നോത്ത്പറമ്പ്-4, തൃപ്പങ്ങോട്ടൂർ-8.

(സി) തുടർച്ചയായ മഴ, ആവശ്യത്തിന് ജോലിക്കാരെ ലഭിക്കാതിരിക്കൽ നേരത്തെ ബി.ഡി.ഒ.-മാർ കൈകാര്യം ചെയ്തിരുന്നതും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിനു കൈമാറിയതുമായ പഴയ പ്രവൃത്തികൾ ഇപ്പോഴുള്ള കൺവീനർമാർ ഏറ്റെടുക്കാത്തത് എന്നിവമൂലം കാലതാമസം ഉണ്ടാകുന്നു.

(ഡി) പാടൃം :

1. തർപ്പംകോട് ക്ഷേത്രം റോഡ്. 2006-ലെ ഈ പ്രവൃത്തി കൺവീനർമാർ ഏറ്റെടുക്കുന്നില്ല.
2. ചെറുവാഞ്ചേരി ലക്ഷംവീട്.-തെങ്ങളം കോളനി റോഡ്. 2010 ജനുവരി 31-ന് പൂർത്തീകരിക്കും.

മൊകേരി :

1. പാത്തിപ്പാല കാരുണ്യമുക്ക് കനാൽ റോഡ്. 2011 ജനുവരി 31
2. അരങ്ങേവീട്ടിൽ ശ്രീനാരായണ മഠം റോഡ്. എഗ്രിമെന്റ് വച്ചിട്ടില്ല.

ചൊക്ലി :

1. മിന്നോത്ത് പറമ്പ് കോവുമ്മൽ റോഡ്
2. മത്തിപറമ്പ് മേലേവീട്ടിൽ താഴെ. 2011 മാർച്ച്

പന്ന്യന്നൂർ :

1. പുക്കുന്നത്ത് കുനിപ്രം ക്ഷേത്രം റോഡ് - 2006 ലെ ഈ പ്രവൃത്തി കൺവീനർമാർ ഏറ്റെടുക്കുന്നില്ല.
2. ചേരാവൂർ ഹൈസ്കൂൾ കുന്നുമ്മൽ യു.പി സ്കൂൾ റോഡ് - 2011 ജനുവരി 31

LIBRARY ARCHIVES Kerala Legislative Assembly

കരിയാട് :

1. പള്ളിക്കുനി പടന്നക്കര റോഡ് 2011 മാർച്ച്

പെരിങ്ങളം :

1. താഴെപുക്കോം കനാൽ റോഡ്.
2. കൊയപ്പാൾകുളം ഗുരുദേവ മന്ദിരം കണ്ണമ്പള്ളി ഉപകനാൽ റോഡ്
3. പുക്കോംകാട്ടിൽ മുക്ക് ഇലങ്ങോട് റോഡ്-2011 മാർച്ച്.

പാനൂർ :

1. പാത്തോയി അരയാൽത്തറ കനങ്കോട് റോഡ് - 2011 ജനുവരി 15

കുന്നോത്ത്പറമ്പ് :

1. അക്കാനിശ്ശേരി കുളങ്ങ്ഷാപ്പ് റോഡ്-എഗ്രിമെന്റ് വച്ചിട്ടില്ല
2. പോങ്ങാട് പാലം റോഡ്-2006-ലെ ഈ പ്രവൃത്തി കൺവീനർ ഏറ്റെടുക്കുന്നില്ല.
3. പാതക്കൽ മുക്ക് സബ്സ്റ്റേഷൻ റോഡ് 2011 ജനുവരി 31
4. ജാനിക്കുട്ടം വെള്ളക്കുന്ന് ലക്ഷംവീട് കോളനി റോഡ്-എസ്റ്റിമേറ്റ് തയ്യാറാവുന്നതേയുള്ളു.

തൃപ്പങ്ങോട്ടൂർ :

1. തമ്പായി മുക്ക് കുഞ്ഞിപ്പറമ്പത്ത് റോഡ് - 31-3-2011
2. പൊയിലൂർ വിളക്കോട്ടൂർ റോഡ് - 31-3-2011
3. ചെറ്റക്കണ്ടി തെക്കുംമുറി ട്രാൻസ്ഫോർമർ റോഡ് 2011 മാർച്ച് 31
4. എം.റ്റി. മുക്ക് ചങ്ങോത്തു കണ്ടിക്കാവ് റോഡ്-എഗ്രിമെന്റ് വെച്ചിട്ടില്ല.
5. പുളിക്കഴമ്പ്-കൊളപ്രക്കണ്ടി കുനിയൽ റോഡ്-എഗ്രമെന്റ് വച്ചിട്ടില്ല.
6. കുഞ്ഞിപ്പറമ്പത്ത് മുക്ക് ഇന്റർനാഷണൽ സ്കൂൾ റോഡ്-എസ്റ്റിമേറ്റ് തയ്യാറാവുന്നതേയുള്ളു.
7. മാരാൻ വീട്ടിൽ ഇരുമ്പൽ പുഴ റോഡ് - എസ്റ്റിമേറ്റ് തയ്യാറാവുന്നതേയുള്ളു.
8. കടവത്തൂർ പി.എച്ച്.സി. വലിയവയൽ റോഡ്-എസ്റ്റിമേറ്റ് തയ്യാറാവുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly